**<u>ഹൗസ്ബോട്ടുകൾ കോവിഡ് കെയർ സെന്ററററാക്കൽ: മോക്ക് ഡ്രില് ഇന്ന് (ഏപ്രിൽ 17)</u>**

ഹൗസ്ബോട്ടുകള് കോവിഡ് കെയര് സെന്ററുകള് ആക്കി മാറ്റുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിന്റെ ഭാഗമായി ജില്ലാ കലക്ടർ എം അഞ്ജന ് ഫിനിഷിംഗ് പോയിന്റ് സന്ദർശിച്ചു വിവിധ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ആവശ്യമാണെങ്കിൽ, ഹൗസ് ബോട്ടുകള് കോവിഡ് കെയര് സെന്ററുകൾ ആയി മാറ്റാനാണ് ജില്ലാഭരണകൂടം ആലോചിക്കുന്നത്. അത്യാവശ്യഘട്ടത്തിൽ ഇത്തരം മാറ്റങ്ങൾക്കു വേണ്ട സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാന് ജില്ലാ കളക്ടര് നിർദേശിച്ചു. ആരോഗ്യവകുപ്പിന്റെ കൺട്രോള് റൂമിനും ആരോഗ്യവകുപ്പ് ഒരുക്കുന്ന സംവിധാനങ്ങൾക്കും പുറമേ, ഭക്ഷണ വിതരണത്തിനും്, കുടിവെള്ള വിതരണത്തിനുള്ള സംവിധാനം, മറ്റ് അവശ്യ സൗകര്യങ്ങൾ തുടങ്ങിയവയും ഒരുക്കുന്നതിനുള്ള നടപടികള് എടുക്കും. ഹൗസ്ബോട്ടുകള് ഐസൊലേഷന് വാർഡുകളായി സജ്ജീകരിക്കുമ്പോൾ വരാവുന്ന വെല്ലുവിളികള് മനസ്സിലാക്കുന്നതിനായി ഇന്ന് (ഏപ്രിൽ 17) രാവിലെ 11 ന് ഫിനിഷിംഗ് പോയിന്റിൽ മോക്ഡ്രില് നടത്താനും തീരുമാനമായി.

ജില്ലാ മെഡിക്കൽ ഓഫീസര് ഡോക്ടര് എല് അനിതകുമാരി, നാഷണൽ ഹെൽത്ത് മിഷന് ജില്ലാ പ്രോഗ്രാം ഓഫീസര് ഡോക്ടര് രാധാകൃഷ്ണൻ, ഡിടിപിസി, ഫയർഫോഴ്സ് വാട്ടര് അതോറിറ്റി തുടങ്ങി വിവിധ വകുപ്പ് ഉദ്യോഗസ്ഥർ സന്നിഹിതരായിരുന്നു.

(ചിത്രമുണ്ട്)

**<u>ശാരീരിക അകലം, സാമൂഹിക ഒരുമ -- കൃത്യമായി പാലിച്ച് ചേർത്തല ആശുപത്രി</u>**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ശാരീരിക അകലം, സാമൂഹിക ഒരുമ എന്ന മുദ്രാവാക്യം കൃത്യമായി പാലിച്ച് ചേർത്തല താലൂക്ക് ആശുപത്രി. അഞ്ഞൂറിലധികം ആളുകൾ

ദിവസേന ആശുപത്രിയിലെത്തുന്നുണ്ടെന്നും ഈൗ തിരക്ക് നിയന്ത്രിക്കാൻ സഹായമാവശ്യമുണ്ടെന്നും ആശുപത്രി സൂപ്രണ്ട് അനിൽകുമാര് കളക്ടറേറ്റില് അറിയിച്ചു. ദ്രുതഗതിയിലായിരുന്നു ആർഡിഒ എസ് സന്തോഷ് കുമാറിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘത്തിന്റെ പ്രവർത്തനം. ഉടൻ ആശുപത്രിയിലെത്തിയ ആർഡിഒ സന്തോഷ്കുമാര്, ചേർത്തല തഹസിൽദാര് ആർ ഉഷ, ആശുപത്രി സൂപ്രണ്ട്, ഹെൽത്ത് ഇൻസ്പെക്ടര് തുടങ്ങിയവരുടെ നേതൃത്വത്തില് യോഗം ചേർന്നു. ആശുപത്രി അധികൃതർ തുടർച്ചയായി ഓർമിപ്പിച്ചിട്ടും, പലപ്പോഴും ക്യൂവിൽ നില്ക്കുന്നവര് ഒന്നിച്ചു കൂടുകയും തിരക്കനുഭവിക്കുകയും ചെയ്യുന്നുണ്ടെന്ന് ആശുപത്രി അധികൃതർ യോഗത്തില് പറഞ്ഞു.

യോഗത്തിനു ശേഷം കൃത്യമായ രീതിയില് ശാരീരിക അകലം പാലിക്കാനുള്ള നടപടികൾ ആർഡിഒയുടെ നേതൃത്വത്തില് കൈക്കൊണ്ടു. ഒപി ടിക്കറ്റെടുക്കുന്ന കൗണ്ടർ, വിവിധ ഡോക്ടർമാരുടെ ഒപി, കാഷ്വലിറ്റി, ഫാർമസി, തുടങ്ങി ആളുകൾ വരാനിടയുള്ളിടത്തെല്ലാം ഒരുമീറ്റർ അകലത്തില് വൃത്തം വരയ്ക്കുകയായിരുന്നു ആദ്യം ചെയ്തത്. ആശുപത്രി പരിസരത്ത് മാത്രമല്ല ഗേറ്റിനടുത്തും ആൾത്തിരക്ക് നിയന്ത്രിക്കാന് നടപടികളെടുത്തിട്ടുണ്ട്. ഗേറ്റിനടുത്തും തുടർന്ന് പുറത്ത് റോഡരുകിലും വൃത്തം വരച്ച് ആളുകളുടെ ക്യൂ നിയന്ത്രിക്കാനുള്ള നടപടികളെടുത്തു. വരച്ചിട്ട വൃത്തങ്ങൾ കണ്ടതോടെ ആശുപത്രിയിലെത്തിയ രോഗികള് ശാരീരിക അകലം പാലിച്ചു കൊണ്ടുതന്നെ അതത് ഡോക്ടർമാരെ കണ്ടു മടങ്ങി.